മലർവാടി സ്കൂൾ മുറ്റം

പാടവും നെല്ലും കലപ്പയും കർഷകനുമൊക്കെയാണ് കൃഷിയെ കുറിച്ചുള്ള നമ്മുടെ സങ്കൽപങ്ങൾ. എന്നാൽ കാലം പുരോഗമിക്കുന്നതിനനുസരിച്ച് കൃഷിരീതികൾക്കും വളരെയധികം മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. വിവിധതരം കൃഷിരീതികളെ കുറിച്ച് പരിചയപ്പെടുത്തുകയാണ് മലർവാടി.

ശാഹിന തറയിൽ

# വിവിധതരം കൃഷികൾ



## സെറി കൾച്ചർ

സെറി എന്നാൽ ഗ്രീക്ക് ഭാഷയിൽ സിൽക്ക് എന്നാണർത്ഥം. സിൽക്ക് നാരുകൾ ഉൽപ്പാദിപ്പിക്കുന്ന പുഴുക്കളെ വളർത്തുന്ന കൃഷിരീതിയാണ് സെറി കൾച്ചർ. ചൈനയിലാണ് ഇത് ആദ്യമായി ആരംഭിച്ചത്. മൾബറി ഇല ഭക്ഷിച്ചുവരുന്ന സിൽക്ക് വേം എന്ന ശലഭപ്പുഴുവിന്റെ രണ്ട് ഗ്രന്ഥികളിൽ നിന്നും പുറത്തുവരുന്ന പ്രകൃതിദത്ത മാംസ്യനാരുകൾ വായു സമ്പർക്കത്താൽ ഉറച്ചു കട്ടിയാവുന്നു. ഇതാണ് പട്ടുനൂൽ.

പട്ടുനൂൽ പുഴുക്കളെ കാർഷികാടിസ്ഥാനത്തിൽ വളർത്തുന്നതിനാണ് സെറി കൾച്ചർ എന്ന് പറയുന്നത്. താപനില പ്രത്യേകമായി സജ്ജീകരിച്ച മുറിയിലാണ് കാർഷികാടിസ്ഥാനത്തിൽ പട്ടുനൂൽപ്പുഴുക്കളെ വളർത്തുക. ചർക്ക, ഫിലേച്ചർ എന്നീ ഉപകരണങ്ങളുടെ സഹായത്താൽ നൂലുകൾ വേർപ്പെടുത്തി നിറം നൽകി വസ്ത്രങ്ങൾക്ക് യോജിച്ച രൂപം ഉണ്ടാക്കിയെടുക്കാം.

**ഇലകൾ, പൂക്കൾ എന്നിവക്ക് മഞ്ഞനിറം നൽകുന്ന വർണ്ണവസ്തു– സാന്തോഫിൽ**



## മഷ്റൂം കൾച്ചർ

ഭക്ഷ്യയോഗ്യമായ കൂണുകളെ അനുകൂല ചുറ്റുപാടിൽ വളർത്തിയെടുക്കുന്ന രീതിയാണ് മഷ്റൂം കൾച്ചർ. ഫ്രാൻസിലാണ് ഇതിന്റെ ആരംഭം. ഇന്ത്യയിൽ പ്രധാനമായും വൈറ്റ് ബട്ടൺ കൂൺ, വൈക്കോൽ കൂൺ, ചിപ്പി കൂൺ എന്നീ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. ഇന്ത്യയിൽ ആദ്യമായി കൂൺ കൃഷിയെ പറ്റി പഠനം നടത്തിയത് 1908- ൽ സർ ഡേവിഡ് ബ്രെയിൻ എന്ന ശാസ്ത്രജ്ഞനാണ്.

## ഫ്ളോറി കൾച്ചർ



അലങ്കാരത്തിനായുള്ള പൂക്കളുടെ ഉപയോഗം അത് കൃഷി ചെയ്യാനും മനുഷ്യനെ പ്രേരിപ്പിച്ചു. അതാണ് ഫ്ളോറി കൾച്ചർ അഥവാ പുഷ്പ കൃഷി. ഈ രംഗത്ത് സജീവമായ സംസ്ഥാനങ്ങളാണ് കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര എന്നിവ.



## ഹോർട്ടി കൾച്ചർ

പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പാദനം, വിപണനം, ശേഖരണം, എന്നിവയെക്കുറിച്ച് ശ്രദ്ധിക്കുന്ന കൃഷിശാഖയാണ് ഹോർട്ടി കൾച്ചർ. എല്ലാത്തരം കൃഷികളെയും വളർത്താനും സംരക്ഷിക്കാനുമുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. കർഷകർക്ക് മികച്ച കൃഷി സൗകര്യമൊരുക്കുക, മികച്ച വിത്തിനങ്ങൾ നൽകുക, കൃഷിയിൽ വേണ്ട സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക തുടങ്ങിയവയും ഹോർട്ടി കൾച്ചറിന്റെ കീഴിൽ വരുന്നവയാണ്. കൃഷി ഗവേഷണങ്ങളും ഇതിന്റെ ഭാഗമായി നടക്കുന്നു.

മാംസത്തിന് പിങ്ക് നിറം നൽകുന്ന വർണ്ണ വസ്തു– മയോഗ്ലാബിൻ



## അക്വാ കൾച്ചർ

മൽസ്യങ്ങൾ, മോളസ്കുകൾ, ജലസസ്യങ്ങൾ തുടങ്ങി വെള്ളത്തിൽ വളരുന്ന ജീവികളെ ശാസ്ത്രീയമായി വളർത്തുന്നതാണ് അക്വാ കൾച്ചർ. അക്വ എന്ന ലാറ്റിൻ വാക്കിന് ജലം എന്നാണ് അർത്ഥം.

നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ മനുഷ്യൻ അക്വാ കൾച്ചർ ആരംഭിച്ചിരുന്നു. വളരെ പണ്ടേ ആസ്ത്രേലിയയിൽ ഈൽ മൽസ്യത്തെയും ജപ്പാനിൽ പായൽ ചെടികളെയും കൃഷി ചെയ്തതിന് തെളിവുകളുണ്ട്. ഇന്തോനേഷ്യ, തായ്ലന്റ്, ജപ്പാൻ, ഇന്ത്യ എന്നീ രാജ്യങ്ങളിലും അക്വാ കൾച്ചർ വ്യാപകമായുണ്ട്. ഉപ്പു ജലത്തിലെയും ശുദ്ധജലത്തിലെയും അതേ അവസ്ഥ നിലനിർത്തിയാണ് അക്വാ കൾച്ചർ നടത്തുന്നത്.



## പിസി കൾച്ചർ

ശാസ്ത്രീയമായ മൽസ്യ കൃഷിയാണ് പിസി കൾച്ചർ എന്ന് പറയുന്നത്. മൽസ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന ഹാച്ചറി നിർമ്മിക്കുക, ശാസ്ത്രീയമായ രീതിയിൽ പ്രജനനം നടത്തുക, വളരാനാവശ്യമായ ചുറ്റുപാടുകൾ സൃഷ്ടിക്കുക എന്നിവയൊക്കെ ഇതിന്റെ ഭാഗമാണ്. ഫിഷ് ഫാമിംഗ് എന്നും ഫിഷ് കൾച്ചർ എന്നും പിസി കൾച്ചർ അറിയപ്പെടുന്നു.



## ക്യൂനി കൾച്ചർ

മാംസത്തിനും രോമത്തിനും വേണ്ടി മുയലുകളെ വളർത്തുന്നതിനെയാണ് ക്യൂനി കൾച്ചർ എന്ന് പറയുന്നത്. മനുഷ്യർ ഇണക്കി വളർത്തുന്ന മൃഗങ്ങളിൽ അലങ്കാരത്തിനും ഇറച്ചിക്കും ഒരുപോലെ ഉപയോഗിക്കുന്ന ജീവിയാണ് മുയൽ. കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ കുട്ടികളെ ഉൽപ്പാദിപ്പിക്കാനുള്ള കഴിവ്, കുറഞ്ഞ തീറ്റച്ചെലവ്, പോഷകമൂല്യമേറിയ ഇറച്ചി എന്നിവയാണ് മുയൽ വളർത്തലിന്റെ ഗുണങ്ങൾ. ചിലയിനം മുയലുകളുടെ രോമവും വിപണന സാധ്യതയുള്ളതാണ്. ചുരുങ്ങിയ ചെലവിൽ നടത്താവുന്ന സ്വയം തൊഴിൽ മേഖല എന്നതിനാൽ ധാരാളം ആളുകൾ മുയൽ വളർത്തുന്നു.



## ഏവി കൾച്ചർ

പതിനായിരങ്ങൾ മുതൽ കോടികൾ വരെ വിലയുള്ള അലങ്കാര പക്ഷികളെ വളർത്തുന്നതിനെയാണ് ഏവി കൾച്ചർ എന്ന് പറയുന്നത്. മുട്ടക്കും മാംസത്തിനും വേണ്ടി കോഴി, താറാവ്, കാട തുടങ്ങിയവയെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്ന രീതിയാണിത്. പക്ഷികളിൽ വലുപ്പത്തിൽ ഒന്നാമത് ഒട്ടകപ്പക്ഷിയും രണ്ടാമത് എമുവുമാണ്. എമു, ആഫ്രിക്കയിലെ ഗിനിയിൽ ജൻമംകൊണ്ട ഗിനിക്കോഴി, ടർക്കിക്കോഴി തുടങ്ങിയവയും ഇപ്രകാരം വളർത്തുന്നുണ്ട്. മുട്ടക്കു വേണ്ടി മാത്രമല്ല, അലങ്കാരത്തിനുവേണ്ടിയും പക്ഷികളെ വളർത്തുന്നതും വിൽക്കുന്നതും ഏവി കൾച്ചറിൽ ഉൾപ്പെടുന്നു.

**സൂര്യപ്രകാശത്തിന് നേരെ വളരാനുള്ള സസ്യങ്ങളുടെ പ്രവണത– ജിയോ ട്രോപ്പിസം**



## എപ്പി കൾച്ചർ

തേനീച്ച വളർത്തലിന് പറയുന്ന പേരാണിത്. കൃത്രിമ മാർഗങ്ങൾ ഉപയോഗിച്ച് തേനീച്ചകളെ വളർത്തുന്ന രീതിയാണിത്. തേനീച്ച വളർത്തലും തേനുൽപ്പാദനവും വൻ വ്യവസായമാണ്. തേനീച്ചകൾക്കു വേണ്ടി പൂന്തോട്ടം നിർമ്മിക്കുന്നു. തേനീച്ചകൾ പൂന്തേൻ വലിച്ചെടുത്ത് ഉമിനീരുമായി കൂട്ടികലർത്തി വയറിനുള്ളിൽ സംഭരിക്കുന്നു. രാസപ്രവർത്തന പ്രക്രിയയിലൂടെ തേനായി മാറുന്നു. ഇത് വയറ്റിനുള്ളിൽ നിന്ന് പുറത്തു കൊണ്ടുവന്ന് തേനറകളിൽ സംഭരിക്കുന്നു. തേനറകളിലാണ് നിറവും ഗുണവും ഗന്ധവുമുള്ള തേൻ രൂപപ്പെടുന്നത് . തേനീച്ച വളർത്തലിന് പ്രത്യേകം പെട്ടികൾ ഉണ്ട്.

## ഉറങ്ങാനൊരു കൂട്ടുകാരൻ

ആസ്ത്രേലിയൻ ഗ്രാമപ്രദേശങ്ങളിൽ കൂടാരമടിച്ച് താമസിക്കുകയാണെങ്കിൽ കങ്കാരു എന്ന സഞ്ചിമൃഗത്തിന്റെ കൂടെ കിടന്ന് ഉറങ്ങാനാവും. ഭീരുവായ ഒരു ജീവിയാണ് കങ്കാരു എങ്കിലും മനുഷ്യരോട് വളരെ സൗഹൃദം കാണിക്കാറുണ്ട്. വനപ്രദേശങ്ങളിൽ ക്യാമ്പു ചെയ്യുന്നവർ പലപ്പോഴും രാത്രി അനക്കം കേട്ട് ഞെട്ടിയുണരാറുണ്ട്. അപ്പോൾ കാണാം, തങ്ങളുടെ പുതപ്പിനുള്ളിൽ നുഴഞ്ഞു കയറി ഉറങ്ങാൻ ശ്രമിക്കുന്ന കങ്കാരുവിനെ.



ഇരുമ്പുധാതു കൂടുതലടങ്ങിയ സുഗന്ധവ്യഞ്ജനം– മഞ്ഞൾ